"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - മോട്ടോർ വാഹന വകുപ്പിൽ 2020 ജനുവരി 27, 28 തീയതികളിൽ സമരം ചെയ്ത ജീവനക്കാരുടെ ശമ്പളം കറവ് ചെയ്യുന്നതിന് ഗതാഗത കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഗതാഗത (സി) വകുപ്പ്

സ.ഉ.(സാധാ) നം.88/2020/ഗതാഗതം   തീയതി,തിരുവനന്തപുരം, 27/02/2020

---

പരാമർശം:- ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 12.02.2020-ലെ കുറിപ്പ്.

<u>ഉത്തരവ്</u>

മോട്ടോർ വെഹിക്കിൾസ് വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് ജനുവരി 27, 28 തീയതികളിൽ സമരത്തിന് നോട്ടീസ് തന്നതിന്റെ അടിസ്ഥാനത്തിൽ ബഹു. ഗതാഗത വകുപ്പ് മന്ത്രി നിർദ്ദേശിച്ച പ്രകാരം ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സംഘടനാ നേതാക്കളുമായി ചർച്ച ചെയ്ത പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിരുന്നു. എന്നാൽ, ചർച്ചയിലെ ധാരണക്ക് വിരുദ്ധമായി മിനിസ്റ്റീരിയിൽ സ്റ്റാഫ് രണ്ട് ദിവസം സമരം ചെയ്തതായി ശ്രദ്ധയിൽ പെട്ടു. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. മാത്രമല്ല, ആർ.ടി.ഒ/സബ് ആർ.ടി ഓഫീസുകളിലെത്തിയ പൊതുജനങ്ങൾക്ക് സേവനം ലഭിക്കാതെ ബുദ്ധിമുട്ട് വരികയും ചെയ്തു.

ഈ സാഹചര്യത്തിൽ, 2020 ജനുവരി 27, 28 തീയതികളിലെ ഹാജർ നില അടിയന്തിരമായി പരിശോധിച്ച് സമരം ചെയ്ത രണ്ട് ദിവസം അനധികൃത അവധിയായി കണക്കാക്കി പ്രസ്തുത ദിവസങ്ങളിലെ ശമ്പളം, ജീവനക്കാരിൽ നിന്നും വെട്ടിക്കുറക്കുന്നതിന് ഗതാഗത കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**C M AJAYAMOHAN**
**അഡിഷണൽ സെക്രട്ടറി**

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
കരുതൽ ഫയൽ.

പകർപ്പ്
ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt No. A1/e-122142/2019/TC dtd 27/2/20.

---

Copy communicated to all DTCs, RTOs and Joint RTOs for necessary action.

For Transport Commissioner